ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): സർ, കോഴിക്കോട് കടൽത്തീരത്ത് കഴിഞ്ഞ 17—ാം തീയതി കടൽക്ഷോഭമുണ്ടായി. ചാലിയത്തു സംഭവിച്ചതുപോലെ തിക്കൊടിയിലും മീൻപിടിക്കാൻപോയ ഒരാളെ കണ്ടുകിട്ടിയിട്ടില്ല. രണ്ടു യന്ത്രവൽകൃതനാടൻവള്ളങ്ങളിൽ 15 പേർ കടലിൽ പോയി. കടൽക്ഷോഭംമൂലം വള്ളം മുങ്ങി. അതിൽ 14 പേർ നീന്തി കരയ്ക്കു കയറി. 45 കാരനായ ഉമ്മർ എന്നൊരാളെ കാണാതാവുകയുണ്ടായി. ഉടനെതന്നെ ടഗ്ഗും ഹെലിക്കോപ്ടറും നാവികകപ്പലും തെരച്ചിൽ നടത്തിയെങ്കിലും അതുകൊണ്ട് യാതൊരു ഫലവുമുണ്ടായില്ല. 19—ാം തീയതി രാവിലെ അയാളുടെ ജഡം കിട്ടി. മരണപ്പെട്ട ഉമ്മറിന്റെ അവകാശികൾക്ക് 2,000 രൂപ അടിയന്തിരസഹായം എത്തിച്ചുകൊടുത്തു. 13,000 രൂപകൂടി ഉടനെ കൊടുക്കുന്നതാണ്. ഇക്കാര്യത്തിലും ഊർജ്ജിതമായ അന്വേഷണം തന്നെയാണ് നടത്തിയത്. പ്രകൃതിക്ഷോഭം കൊണ്ടു മാത്രമാണ് ഈ അപകടമുണ്ടായത്. കടൽ ഭിത്തിയുടെ നിർമ്മാണവുമായി ഇതിന് യാതൊരു ബന്ധവുമില്ല.

(8) പ്രീഡിഗ്രി പ്രവേശനത്തിനുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. ബെന്നിബഹനാൻ: സർ, എസ്.എസ്.എൽ.സി. പരീക്ഷ പാസായിട്ട് കോളേജ് അഡ്മിഷനുവേണ്ടി ശ്രമിച്ച് അത് നടക്കാതെ വന്നിരിക്കുന്ന വിദ്യാർത്ഥികളുടേയും അതുമൂലം വിഷമിക്കുന്ന രക്ഷിതാക്കളുടേയും ബുദ്ധിമുട്ടുകൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഞാൻ ആഗ്രഹിക്കുന്നത്. കഴിഞ്ഞ പ്രാവശ്യം എസ്.എസ്.എൽ.സി.ക്ക് 4,97,000 വിദ്യാർത്ഥികൾ ആണ് പരീക്ഷ എഴുതിയത്. അതിൽ 2,32,000 വിദ്യാർത്ഥികൾ പാസ്സായി. ഇന്ന് കേരളത്തിൽ നിലവിലുള്ള 174 ആർട്സ് ആൻറ് സയൻസ് കോളേജുകളിൽ പ്രീഡിഗ്രിക്ക് മൊത്തം 90,000 വിദ്യാർത്ഥികളെ മാത്രമേ ഉൾക്കൊള്ളുവാൻ കഴിയുകയുള്ളൂ. ഈ കണക്കനുസരിച്ച് നോക്കുമ്പോൾ ഏകദേശം ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികൾ, ഹയർ എഡ്യൂക്കേഷന് എലിജിബിളാണെങ്കിലും കോളേജിൽ അഡ്മിഷൻ കിട്ടാതെ ബുദ്ധിമുട്ടനുഭവിക്കുന്നു. ഫസ്റ്റ് ക്ലാസ് വാങ്ങിയ വിദ്യാർത്ഥികളെപ്പോലും അക്കോമൊഡേറ്റ് ചെയ്യാനുള്ള സൗകര്യം നമ്മുടെ സംസ്ഥാനത്ത് നിലവിലില്ല. ഈ സ്ഥിതി സമാന്തര കോളേജുകൾ ചൂഷണം ചെയ്യും. അതുകൊണ്ട് പ്രീഡിഗ്രിക്ക് ഇപ്പോഴുള്ള സീറ്റുകൾ വർദ്ധിപ്പിച്ച് ആവശ്യമായ മറ്റു നടപടിക്രമം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, ഇതിനൊക്കെ പരിഹാരമാർഗ്ഗമാണ് നമ്മൾകൊണ്ടുവന്നിരിക്കുന്ന പ്രീഡിഗ്രി ബോർഡ്. ഇവിടെ 172 കോളേജുകളിലായിട്ട് 94,400 വിദ്യാർത്ഥികൾക്ക് ആണ് പ്രീഡിഗ്രിക്ക് അഡ്മിഷൻ കൊടുക്കാൻ കഴിയുന്നത്. ഈ വർഷം 2,32,693 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ പാസായിട്ടുണ്ട്. കഴിഞ്ഞ വർഷം പാസായ കുറെ കുട്ടികൾ അവശേഷിക്കുന്നുമുണ്ട്. ഇങ്ങനെയൊരു സാഹചര്യം നിലനില്ക്കുന്നതുകൊണ്ട് സംസ്ഥാനത്ത് സ്ഥലസൗകര്യവും ലാബറട്ടറി സൗകര്യവും, ഉള്ള കോളേജുകളിൽ പത്തു ശതമാനം സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് ഒരു നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് സർവ്വകലാശാലകൾ നടപ്പിലാക്കുമ്പോൾ ഒരു ലക്ഷത്തി ആറായിരത്തോളം വിദ്യാർത്ഥികൾക്ക് ഈ വർഷം പ്രവേശനം കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.എം. ഹസ്സൻ: സർ, ഈ സഭയിലെ പ്രതിപക്ഷത്തെ പ്രമുഖ പാർട്ടിയായ മാർക്സിസ്റ്റ് പാർട്ടിയിൽനിന്ന് ശ്രീ. എം.വി. രാഘവനെ പുറത്താക്കിയെന്ന വാർത്ത ഞങ്ങൾ പത്രങ്ങളിൽ വായിച്ചു. നിയമസഭാ ചട്ടങ്ങളിൽ റൂൾ 4 അനുസരിച്ച് അംഗങ്ങളുടെ ഇരിപ്പിടങ്ങൾ നിശ്ചയിക്കുന്നത് അങ്ങാണ്. അങ്ങ് സ്വീകരിക്കുന്ന കീഴ്വഴക്കങ്ങളും മാനദണ്ഡങ്ങളും അനുസരിച്ച് ഓരോ പാർട്ടിക്കും പ്രത്യേകം ബഞ്ചാണ് അങ്ങ് അനുവദിക്കുന്നത്. മാർക്സിസ്റ്റു പാർട്ടി ബഞ്ചിൽ നിന്നാണ് ശ്രീ. രാഘവൻ ഇന്ന് ഒരു സബ്മിഷൻ അവതരിപ്പിക്കുന്നതായി കണ്ടത്. ആ പാർട്ടിയിൽ നിന്ന് പുറത്താക്കിയ അദ്ദേഹത്തെ മാർക്സിസ്റ്റു പാർട്ടിയുടെ ബഞ്ചിലിരിക്കുവാൻ അനുവദിക്കുന്നത് നിലവിലുള്ള കീഴ്വഴക്കങ്ങളുടെ ലംഘനമല്ലേയെന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്.

മി. സ്പീക്കർ: ഇപ്പോഴത്തെ നിലവിലുള്ള പൊസിഷനെ സംബന്ധിച്ച് എന്തെങ്കിലും മാറ്റംവരുത്തുന്നതിന് യാതൊരു ഔദ്യോഗികമായ അറിയിപ്പും നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും ചെയറിന് കിട്ടിയിട്ടില്ല. ഈ നിയമസഭയെ സംബന്ധിച്ചിടത്തോളം ഇവിടെ ബന്ധപ്പെടുന്ന ഔദ്യോഗികമായ ചട്ടങ്ങൾക്ക് അനുസരണമായി പോകുന്നതിന് പുറത്തു നിന്നുണ്ടാകുന്ന കാര്യങ്ങളിൽ മറ്റൊരറിയിപ്പ് കിട്ടാത്തിടത്തോളം കാലം ഇവിടെ ബാധകമല്ല. ബന്ധപ്പെട്ട പാർട്ടികളിൽനിന്ന് ഇതിനെ സംബന്ധിച്ച് ഔദ്യോഗികമായ യാതൊരു അറിയിപ്പും കിട്ടിയിട്ടില്ല. അതുകൊണ്ട് ഈ പൊസിഷനിൽ കണ്ടിന്യൂ ചെയ്യാമെന്നു മാത്രമേയുള്ളൂ. അതല്ലാതെ വേറെ മാർഗ്ഗമില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, രണ്ടു മന്ത്രിമാർ ഇവിടെ രാജിവയ്ക്കുകയോ പുറത്താക്കപ്പെടുകയോ ചെയ്യപ്പെട്ടിട്ടുണ്ട്. അവർ ഒരു സ്റ്റേറ്റുമെന്റ് നടത്തുക പതിവുണ്ട്. അവർ, രാജിവയ്ക്കാനുണ്ടായ സാഹചര്യം എന്താണെന്ന് സഭയ്ക്ക് അറിയാനുള്ള അവകാശമുണ്ട്.

മി. സ്പീക്കർ: അവർക്ക് ആവശ്യമുണ്ടെങ്കിൽ സ്റ്റേറ്റുമെന്റ് ചെയ്യാം.....നിർബന്ധിക്കാൻ കഴിയുകയില്ല.....

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഈ മന്ത്രിമാർ എങ്ങനെ പോയിയെന്നുള്ളത് സഭയ്ക്ക് അറിയേണ്ടേ?

VI. മേശപ്പുറത്തുവച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ.കെ.കരുണാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986 മാർച്ച് 10-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 20/86 പ്ലാനിംഗ് (എസ്.ആർ.ഒ.നമ്പർ 575/86).
2. 1986 മാർച്ച് 10-ാം തീയതിയിലെ ജി.ഒ.എം.എസ്. നമ്പർ 70/86 ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 477/86).
3. 1986 മാർച്ച് 13-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 77/86/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 567/86).
4. 1986 ഏപ്രിൽ 1-ാം തീയതിയിലെ ജി.ഒ.എം.എസ്. നമ്പർ 118/86/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 648/86).

LIBRARY ARCHIVES Kerala Legislative Assembly